**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ആസ്ഥാന ഓഫീസ് ഉൾപ്പെടെ വിവിധ ഓഫീസുകളിലായി ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ 11 അംഗീകൃത തസ്തികകളുണ്ടെങ്കിലും നിലവിൽ ബോർഡിൽ അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 5 എണ്ണത്തിന് മാത്രമാണ് ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുള്ളത്. ബോർഡിലെ നിയമനങ്ങളെല്ലാം സംസ്ഥാന തലത്തിലാണ് നടത്തുന്നത്. പി.എസ്.സി മുഖേന നിയമിക്കപ്പെടുന്നവരെ ആവശ്യമനുസരിച്ച് ബോർഡിന്റെ മറ്റ് ജില്ലകളിലെ ഓഫീസുകളിലേയ്ക്ക് നിയമിക്കുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ഓരോ ഓഫീസുകളും എണ്ണവും തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിലെ നിയമനങ്ങളെല്ലാം സംസ്ഥാന തലത്തിലാണ് നടത്തുന്നത്. ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ജീവനക്കാർ ആരും നിലവിലില്ല. പ്രസ്തുത തസ്തികയിൽ 11 ഒഴിവുകളാണുള്ളത്. എന്നാൽ നിലവിൽ ബോർഡിൽ അനുവദിച്ച് നൽകിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 5 എണ്ണത്തിന് മാത്രമാണ് ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുള്ളത്. |
| (സി) | ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബോർഡ് യോഗ തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിലെ നിലവിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടില്ല. |
| (ഡി) | ഈ തസ്തികയിലെ ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും അറിയിക്കുമോ; | (ഡി) | കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിലെ 5 എൻ.ജെ.ഡി. ഒഴിവുകൾ 27.01.2021 തീയതിയിലാണ് അവസാനമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഇ) | ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ